ST. THOMAS MISSION L PS
ERIMAYUR

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - II

# ഉള്ളടക്കം

* ആമുഖം
* പ്രവർത്തന കലണ്ടർ
* മലയാള മധുരം
* സംയുക്ത ഡയറി
* പാട്ടരങ്ങ്
* സചിത്ര പുസ്തകം
* റീഡേഴ്സ് തിയേറ്റർ
* നാട്ടുവിശേഷം കുഞ്ഞെഴുത്ത്
* ക്ലാസ് പത്രം
* പഠനോത്സവം
* വായനോത്സവം
* ഭാഷോത്സവം
* ഗണിത കേളികൾ
* ഗണിത കിറ്റ്
* പരീക്ഷണങ്ങൾ
* രക്ഷിതാക്കൾക്കുള്ള ശില്പശാല
* വിജ്ഞാന സ്പർശം
* പാനീയമേള
* ഭക്ഷ്യമേള
* പലഹാരമേള

# ആമുഖം

സെന്റ് തോമസ് മിഷൻ എൽ. പി. സ്കൂൾ എരിമയൂരിലെ 2025 - 2026 അധ്യയന വർഷം 103 കുട്ടികൾ രണ്ടാം ക്ലാസിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

ഭാഷാ ശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വന്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുവായ സാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ എഴുതുന്നതിനും കഴിവ് നേടുന്നു.

രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും സ്വതന്ത്രരചനകൾ എഴുതുകയും ചെയ്യും.

# പ്രവർത്തനകലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മലയാളമധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5. | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ - മാർച്ച് |
| 8. | ക്ലാസ് പത്രം | ഓഗസ്റ്റ് - ~~[illegible]~~ മാർച്ച് ഒന്ന് വീതം |
| 9. | രചനോത്സവം | ജൂലൈ - ഫെബ്രുവരി |
| 10. | വായനോത്സവം | ജൂൺ - മാർച്ച് |
| 11. | ഭാഷോത്സവം | ജനുവരി - മാർച്ച് |
| 12. | ഗണിത കേളികൾ | ജൂൺ - മാർച്ച് |
| 13. | ഗണിത കിറ്റ് | ജൂൺ - മാർച്ച് |
| 14. | പരീക്ഷണങ്ങൾ | ജൂൺ - മാർച്ച് ഒന്ന് വീതം |
| 15. | ലഘു പ്രോജക്ട് | ജൂൺ - മാർച്ച് ഒന്ന് വീതം |
| 16. | പരീക്ഷണ കിറ്റ് | ജൂൺ - മാർച്ച് |
| 17. | രക്ഷിതാക്കൾക്ക് ശില്പശാല | ജൂണിൽ |
| 18. | വിജയ സ്പർശം | ജൂൺ - മാർച്ച് |
| 19. | പാനീയ മേള | ഡിസംബർ |
| 20. | ഭക്ഷ്യമേള | ഡിസംബർ |
| 21. | പലഹാരമേള. | ഡിസംബർ |

# സംയുക്ത ഡയറി

## പ്രവർത്തന ലക്ഷ്യങ്ങൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ ചിട്ടയോടെ എഴുതാൻ കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന നടത്തുന്നതിന്
- ഭാഷാ ശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
  അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- SRG യിൽ മികച്ച ഡയറിയുടെ അവതരണം - ജൂൺ ആദ്യവാരം
- CPTA യിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു. - ജൂൺ ആദ്യവാരം
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തൽ നടത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു.
  സചിത്ര ഡയറി പുസ്തകരൂപത്തിലേക്ക് മാറുന്നു. (ജനുവരി)
- സംയുക്ത ഡയറി പ്രകാശനം - ജനുവരി.

### ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്

# പാട്ടരങ്ങ്

## പ്രവർത്തന ലക്ഷ്യങ്ങൾ

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഉൾക്കാഴ്ചയും സൗന്ദര്യവും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് ഉചിത വരികൾ കൂട്ടിച്ചേർക്കുന്നു.
- വിവിധ നിലവാരക്കാരെ പരിഗണിച്ച് ഭാഷ - പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തനക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യവാരം)
- CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പാക്കുന്നു. (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ. പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി അവതരിപ്പിക്കൽ (ജൂൺ അവസാനവാരം)
- വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച്)

**ചുമതല**

ക്ലാസ് ടീച്ചർ, രക്ഷിതാവ്.

# സചിത്ര പുസ്തകം: ര.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ഒന്നാംക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിന്റെ പ്രായോഗിക സാധ്യത തേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക്ബുക്കുകൾ ലഭ്യമാകുന്നു.
- കുട്ടികൾ സ്വന്തമായി രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉൾഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു.
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. അന്യ 3 ക്ലാസ്സുകൾ പതിപ്പുകൾ (ജൂൺ)
- മികവിന്റെ ഭാഗമായി ശില്പശാല സംഘടിപ്പിക്കുന്നു. (ജൂൺ)
- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്.

# റീഡേഴ്സ് തിയേറ്റർ

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു
- ഭാഷയിലെ പഠന മുന്നേറ്റത്തിന് സചിത്രം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- റീഡേഴ്സ് തിയേറ്റർ SRG യിൽ ആശയം പങ്കിടൽ
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാല സാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക.
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സദസ്സിൽ അവതരിപ്പിക്കൽ.
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം.

## ചുമതല

ടീച്ചർ, CPTA രക്ഷിതാക്കൾ

# നാട്ടുവിശേഷം കൂട്ടെഴുത്ത്

## പ്രവർത്തന ലക്ഷ്യങ്ങൾ

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉൾപ്പെടുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യതയൊരുക്കുന്നു

## പ്രവർത്തന ഘട്ടങ്ങൾ

- SRG, CPT യിലും അവതരിപ്പിക്കുന്നു
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ ആസൂത്രണം ചെയ്യുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
- കണ്ടെത്തലുകളുടെ അവതരണം.
- കൂട്ടെഴുത്ത് നടത്തുന്നു.
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം
- പതിപ്പ് തയ്യാറാക്കൽ.
- മികച്ചവ ഭാഷോത്സവത്തിൽ അവതരണം

## ചുമതലകൾ

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ

# ക്ലാസ് പത്രം

## പ്രവർത്തന ലക്ഷ്യങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാകുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതുവാൻ കഴിവ് നേടുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതുവാൻ കഴിയുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- SRG, CPTA യിൽ അവതരിപ്പിക്കുന്ന പിന്തുണ ഉറപ്പാക്കുന്നു.
- രക്ഷിതാവിന്റെ സഹായത്തോടെ കുട്ടികൾ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെ നേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.
- സമൂഹത്തിന് മുന്നിൽ അവതരണം.

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്

# രചനോത്സവം

## പ്രവർത്തന ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- SRG യിൽ അംഗീകാരം വാങ്ങുന്നു.
- CPTA യിൽ പിന്തുണ അറിയിക്കുന്നു.
- പ്രതിമാസ രചനോത്സവം
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ
- വ്യക്തിഗത രചനകൾ

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്.

# വായനോത്സവം

## പ്രവർത്തന ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.
- കുട്ടികളിൽ വായനാശീലം വളർത്തുന്നു.
- ലൈബ്രറി / വായനമൂല പ്രയോജനപ്പെടുത്തുന്നു.
- വായനാ കുറിപ്പ് തയ്യാറാക്കുന്നു

## പ്രവർത്തന ഘട്ടങ്ങൾ

- SRG, CPT എന്നിവയുടെ പിന്തുണ ഉറപ്പാക്കുന്നു.
- ഓരോ മാസവും വായനോത്സവം നടത്തുന്നു.
- അമ്മ വായന
- മാതൃകാ വായന അധ്യാപകർ.

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്.

# ഭാഷോത്സവം

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മ വിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടിയുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- SRG, PTA എന്നിവയുടെ പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകലാകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിൽ അവതരിപ്പിക്കേണ്ട ഇനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്.

# ഗണിത കേളികൾ

## പ്രവർത്തന ലക്ഷ്യങ്ങൾ.

- കുട്ടികൾക്ക് ഗണിത കളിയിൽ താല്പര്യമുണ്ടാക്കുന്നു.
- ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു
- യുക്തിബോധം വളർത്തുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- വ്യത്യസ്തമായ Learning Outcome കൾക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.
- കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)
- ഡൊമിനോ കളികൾ (വ്യവകലനം)
- ബോൾ കളി (ഗുണനം)

## ചുമതല

ക്ലാസ് ടീച്ചർ

# ഗണിത കിറ്റ്

## പ്രവർത്തന ലക്ഷ്യങ്ങൾ

- ELPS മുഖേന ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്.
- ഗണിതം ആസ്വാദകരമാക്കുന്നതിന്.

## പ്രവർത്തന ഘട്ടങ്ങൾ

- 10 ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാകുപ്പികളുടെ അടപ്പുകൾ, കളി നോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തണം.

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്.

## 15- പരീക്ഷണങ്ങൾ

### ലക്ഷ്യപ്രസ്താവനകൾ

* ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു.
* അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു. വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ചുകൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു. യുക്തിചിന്ത വളർത്തുന്നു.

### പ്രവർത്തനങ്ങൾ

* പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയവ രൂപകൽപന ചെയ്യുകയും ചെയ്യുന്നു.

കാലയളവ്- ജൂൺ - ഫെബ്രുവരി.

### ചുമതലകൾ

ക്ലാസ് ടീച്ചർ
CPTA

### സാമ്പത്തികം

SSK
PTA
(Rupees 5000)

## 16- ലഘു പ്രോജക്ട്

### ലക്ഷ്യപ്രസ്താവനകൾ

* കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക.

### പ്രവർത്തനങ്ങൾ

* കുട്ടികൾ നേരിടുന്ന പല പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗ്ഗീകരണം, അപഗ്രഥനം, എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്.

<u>ചുമതലകൾ</u>

ക്ലാസ് ടീച്ചർ

SRG

PTA (1000)

<u>14- പരീക്ഷണകിറ്റ്</u>

<u>ലക്ഷ്യപ്രസ്താവനകൾ</u>

* എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന് വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു. ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക.

<u>പ്രവർത്തനങ്ങൾ</u>

* എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.
* പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ പരീക്ഷണകിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

<u>ചുമതലകൾ</u>

ക്ലാസ് ടീച്ചർ

SRG

PTA

<u>സാമ്പത്തികം</u>

CPTA

SSK (2000)

18 – രക്ഷിതാക്കൾക്ക് ശില്പശാല

ലക്ഷ്യപ്രസ്താവന

* പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക. പാഠഭാഗങ്ങളും പാഠപുസ്തകങ്ങളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

പ്രവർത്തനങ്ങൾ

* പാഠഭാഗത്തിൽ വരുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്ര പുസ്തകം, ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധം ഉണ്ടാകുന്നു.

കാലയളവ്

ജൂലൈ
ഒക്ടോബർ
ജനുവരി

ചുമതലകൾ

SRG
HM

സാമ്പത്തികം

SSK
PTA
(8000)

19 <u>വിജയ സ്പർശം</u>

## ലക്ഷ്യപ്രസ്താവനകൾ

* എല്ലാ കുട്ടികളെയും എഴുത്തും വായനയിലും പ്രാപ്തരാക്കുന്നു.

  നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.

## പ്രവർത്തനങ്ങൾ

* സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക.
* വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.
* കളിരീതിയിൽ കുട്ടിയുടെ പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

## ചുമതലകൾ

ക്ലാസ് ടീച്ചർ

SRG

## സാമ്പത്തികം

PTA

SSK

(5000)

20 പാനീയമേള

ലക്ഷ്യ പ്രസ്താവനകൾ

* ആഹാരം ആരോഗ്യത്തിന് ഒന്ന പ്രാധാന്യമായ് ബന്ധപ്പെട്ട് കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിയുന്നതിന്

* ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

പ്രവർത്തനങ്ങൾ

* SRGയുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു.

ചുമതലകൾ

ക്ലാസ് ടീച്ചർ

HM

സാമ്പത്തികം

CPTA

(Rs-1000)

## 21 - ഭക്ഷ്യമേള

### ലക്ഷ്യപ്രസ്താവനകൾ

* പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ പ്രയോഗത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

### വിഭവങ്ങൾ

CPTA
ക്ലാസ് ടീച്ചർ
സാമ്പത്തികം
(Rs. 1000)

## 22- ഉപകരണമേള

### ലക്ഷ്യപ്രസ്താവനകൾ

* പലതരം ഉപകരണങ്ങൾ മനസ്സിലാക്കുന്നതിന് അവ ഉണ്ടാക്കുന്നവിധം മനസ്സിലാക്കുന്നതിന് ലഘുപാഠക്കുറിപ്പുകൾ തയ്യാറാക്കുന്നതിന് പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഉപകരണമേള സംഘടിപ്പിക്കുന്നു.

### വിഭവങ്ങൾ

CPTA
ക്ലാസ് ടീച്ചർ
സാമ്പത്തികം
(Rs- 1000)

Academic master plan
English

Aim : To speak, Read and write English without any mistakes

Time - June, July Augu

June
Pretest
To devolop listening skills and reading skills first

↳ Listening skills
Games, Action songs Hello English activities, 2 Conversations, skit stories use ICT

↳ Speaking skills
Descriptions, growing sentences, picture reading, Picture description self introduction Assembly activities - speech, book review, quiz riddles, self introduction School radio etc.

July - August
↳ Reading skills
News paper reading, library books reading book review, reading breaking news, find words. Collect and read past tense, rhyming words, describing words etc Text books activities

## ➤ Writing skills

Make word web, picture description, word chain sentence chain, Make words and sentences Make riddles, Conversations, Add more lines, develop, Story description, notice proclamation, diary letter Announcement, Magazines.

# അക്കാദമിക മാസ്റ്റർ പ്ലാൻ

Standard - II
Subject - ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും, ആസ്വാദ്യകരമാക്കി കുട്ടികൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ഒരു കണ്ടുകൊണ്ട് ആണ് 'ഉല്ലാസ ഗണിതം' എന്ന പദ്ധതി മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടങ്ങളിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് ആവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മുഖ്യ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പഠനം പാട്ടുകളിലൂടെയും, കളികളിലൂടെയും, നിത്യജീവിതത്തിലൂടെയും രസകരമായി പഠിക്കുന്നു. ഗണിത പ്രവർത്തനത്തിലും താൽപര്യമില്ലാത്തവരെയും ഉൾപ്പെടുത്തുക എന്നതാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ത്രിമാന രൂപങ്ങളെയും, ദ്വിമാന രൂപങ്ങളെയും വസ്തുക്കളും ചിത്രങ്ങളുമായി ബന്ധിപ്പിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ
- 50 വരെയുള്ള സംഖ്യകൾ അക്കത്തിലും, അക്ഷരത്തിലും എഴുതുന്നതിന്
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കാൻ
- 50 മുതൽ 100, 100 മുതൽ 200 വരെയുള്ള സംഖ്യകൾ തിരിച്ചറിയാൻ
- രൂപ, നാണയങ്ങൾ എന്നിവ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ മനസ്സിലാക്കാൻ
- രണ്ടക്ക സംഖ്യകളുടെ സങ്കലനം നിത്യജീവിതത്തിൽ പ്രയോഗിക്കാൻ ശേഷി നേടാൻ

## മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കൂടി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുന്നു.
- പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തൽ

## പ്രവർത്തന ലക്ഷ്യം

Unit-1 കുട്ടിക്കളിയിലെ രൂപങ്ങൾ

June

- ത്രിമാന രൂപങ്ങളെയും, ദ്വിമാന രൂപങ്ങളെയും വസ്തുക്കളെയും, ചിത്രങ്ങളുമായി ബന്ധിപ്പിച്ച് ഗണിത പ്രശ്നങ്ങൾ മനസ്സിലാക്കൽ
- 2 D രൂപങ്ങൾ ഉൾക്കൊള്ളിക്കൽ
- നിറം കൊടുക്കൽ
- രൂപങ്ങൾ വരയ്ക്കൽ, നിർമ്മാണം
- വ്യത്യസ്ത ചിത്രങ്ങൾ വരക്കൽ
- ഗണിത പാട്ട്

Unit-2, ഒളിച്ചേ കണ്ടേ...

July

- 1-50 വരെയുള്ള സംഖ്യകൾ അക്കത്തിലും, അക്ഷരത്തിലും എഴുതൽ
- നിത്യജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉപയോഗിച്ച് അളവുകൾ വിശകലനം ചെയ്യൽ
- സംഖ്യാ ചക്രം
- Work, book, Number card കൾ ഉപയോഗിച്ച് പിന്നോക്കക്കാരായ കുട്ടികളെക്കൊണ്ട് ഗണിത പ്രശ്നങ്ങൾ ചെയ്യൽ

Unit-3, നല്ല നാടിനായ് നല്ല നാളേക്കായ്

August

- 50-100, 100-200 വരെയുള്ള സംഖ്യകൾ വായിക്കലും എഴുതലും ചെയ്യൽ
- Work book, ഗണിത കിറ്റ് എന്നിവ ഉപയോഗിച്ച് ഗണിതത്തിൽ പ്രയാസം അനുഭവിക്കുന്ന കുട്ടികൾ കണ്ടെത്തുന്നു.

- കൂട്ടിനോക്കൽ, കുറവ്, തുല്യം കണ്ടെത്തൽ
  ചില വില അറിയാവുന്ന സംഖ്യകളെ
  ചേർത്തെഴുതാനും പിരിച്ചെഴുതാനും
  കഴിയൽ.
- 100 നോട് 10 വീതം കൂട്ടി 200 വരെ എണ്ണൽ
- മൂന്നക്ക സംഖ്യകളുടെ വലിപ്പ ക്രമത്തിൽ
- ക്രമീകരിക്കൽ
- 2 100 കൾ ചേർന്നാൽ 200 എന്ന ആശയം
  രൂപീകരിക്കൽ

September

പാഠം - 4 . സമ്മാനപ്പൊതി

- നാണയങ്ങൾ 1, 2, 5, 10 രൂപ പരിചയപ്പെടുത്തൽ
- നാണയങ്ങൾ ഉപയോഗിച്ച് സങ്കലനം ചെയ്യൽ
- രൂപ, 100, 200, 10, 20 .. - പരിചയപ്പെടൽ
- ₹ എന്ന ചിഹ്നം പരിചയപ്പെടൽ
- നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗണിത പ്രശ്നങ്ങൾ
  മനസ്സിലാക്കൽ

പാഠം - 5 - ഓണം പോലെ

October നാമ്പ് വളം

- 10 കളും കൂട്ടവും ഒന്നുകളും ചേർന്ന് സംഖ്യ
  രൂപീകരിക്കൽ
- രണ്ടക്ക സംഖ്യകളുടെ സങ്കലനം തുക 200ൽ
  താഴെ വരുന്നത്
  രണ്ടക്ക സംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായ പ്രായോഗിക
  പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്
- സങ്കലന പ്രക്രിയ ആവശ്യമായ കുട്ടികൾ
  ഗണിത കിറ്റുകൾ, ഉള്ള ഗണിതം കളിയിലൂടെ
  മനസ്സിലാക്കൽ